DESPATCHED
On. 22/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.2645 (5)/16/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 4791/SIC-G7/2016

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. ജോയ് എം.വി,**
**മണലിൽ വീട്, വേലൂർ ബസാർ പി.ഒ,**
**തൃശ്ശൂർ – 680601.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
   **വികാസ് ഭവൻ, തിരുവനന്തപുരം –33.**

2. **അപ്പീൽ അധികാരി,**
   **വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
   **വികാസ് ഭവൻ, തിരുവനന്തപുരം –33.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 26.01.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.02.2016 |
| ഒന്നാം അപ്പീൽ | 22.02.2016 |
| അപ്പീൽ അധികാരിയുടെ തീരുമാനം | NIL |
| രണ്ടാം അപ്പീൽ | 13.04.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ജോയ് എം.വി 26.01.2016 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, ശ്രീ.ജോയ് എം.വി എന്നയാൾ 28.08.2015 ന് അയച്ച പരാതി പ്രകാരം അന്വേഷണ റിപ്പോർട്ട് 26.11.2015 ന് വിജിലൻസ് ഐ.ജി. ഓഫീസിൽ ലഭിച്ച റിപ്പോർട്ട് പ്രകാരം പരാതി നിലനിൽക്കുന്നതാണോ, പരാതി

നിലനിൽക്കുന്നതാണെങ്കിൽ അഴിമതിയുടെ വ്യാപ്തി എത്ര രൂപയാണ്, അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 6 വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.02.2016 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 22.02.2016 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കുന്നതിനായി 29.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടിയായി പ്രസ്തുത പരാതിയിന്മേൽ SC-60/15/TSR എന്ന നമ്പരിൽ ഒരു മിന്നൽ പരിശോധന നടത്തിയിരുന്നുവെന്നും കുറ്റാരോപിതരിൽ നിന്നും റിക്കവറിക്ക് ശുപാർശ ചെയ്തുകൊണ്ട് മിന്നൽ പരിശോധനാ റിപ്പോർട്ട് 22.12.2015 തീയതിയിലെ ഇ8(SC-60/15/TSR) 31820/2015 നമ്പർ കത്ത് പ്രകാരം സർക്കാരിലെ വിജിലൻസ് വകുപ്പിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നും പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്നും 19.02.2016 ലെ നമ്പർ കത്ത് പ്രകാരം അന്നത്തെ എസ്.പി.ഐ.ഒ അറിയിച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ട് വിജിലൻസ് വകുപ്പിലേയ്ക്ക് അയച്ചിരുന്നുവെങ്കിലും ടി റിപ്പോർട്ടിന്മേലുള്ള അന്തിമ തീരുമാനം സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ടി റിപ്പോർട്ടിൽ തുടരന്വേഷണം ഉത്തരവായാൽ അന്വേഷണത്തെ ബാധിക്കുമെന്നതിനാലാണ് വിവരാവകാശ നിയമത്തിലെ 8(1)(എച്ച്) വകുപ്പ് പ്രകാരം നിരസിച്ചതെന്നും മിന്നൽ പരിശോധനാ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് തുടർ നടപടികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയതായി അറിയിച്ചുകൊണ്ടുള്ള 08.02.2016 ലെ 15613/D3/2015/VIG എന്ന കത്ത് 03.03.2016 നാണ് ഓഫീസിൽ ലഭിച്ചതെന്നും അതിനെ തുടർന്ന് സർക്കാർ

[illegible]ന്റെയും മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെയും പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമായില്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ അഞ്ചാമത്തെ ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് ലഭ്യമാക്കേണ്ടതും വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn